ഉത്തരം

(എ) പരപ്പനങ്ങാടി ഫിഷറി ഹാർബറിന്റെ മാതൃകാപഠനം പൂനെയിലുള്ള CWPRS (Central Water & Power Research Station) എന്ന സ്ഥാപനം പൂർത്തീകരിച്ചുവരുന്നു. അന്തിമ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത ഹാർബർ നിർമ്മിക്കുന്നതുമൂലം പരിസ്ഥിതിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചുള്ള പഠനത്തിനും പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും M/s. Envirochem Laboratories എന്ന സ്ഥാപനവുമായി ഇതിനകം തന്നെ കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) CWPRS-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചാലുടനെ പദ്ധതിയുടെ വിശദമായ രൂപരേഖ (പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കി പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസിനായി സമർപ്പിക്കുന്നതാണ്.

അരൂർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവൃത്തികൾ

213 (4837) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ ഈ സർക്കാർ വന്നശേഷം ഫിഷറീസ്, ഹർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ നടത്തിയ വികസന പ്രവൃത്തികൾ വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) അന്ധകാരനഴിയിൽ പുലിമുട്ട് നിർമ്മാണം എവിടെവരെയായെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവിടെ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പു മുഖേന താഴെ പറയുന്ന വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

വർഷം	പദ്ധതി	ചെലവഴിച്ച തുക
2007-08	മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾക്ക് സാമ്പത്തിക ശാക്തീകരണത്തിന് ധനസഹായം	1,40,000.00
2007-08	സുനാമി അടിയന്തര സഹായ പദ്ധതി	6,25,116.00
2007-08	ഐ.ടി. കിയോസ്കുകൾ	5,94,112.00
2008-09	മത്സ്യകേരളം പദ്ധതി	5,74,270.00

LIBRARY ARCHIVES Kerala Legislative Assembly

2007-08	സുനാമി പുനരധിവാസ പദ്ധതി	8,12,138.00
2009-10	മത്സ്യകേരളം പദ്ധതി	15,75,184.00
2009-10	പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി	11,11,339.00

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) അന്ധകാരനഴി ഒരു ഫിഷിംഗ് ഹാർബറിന് അനുയോജ്യമല്ലെന്ന് കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂരിലെ CICEF (Central Institute of Coastal Engineering for Fishery) പഠനം നടത്തി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഫിഷിംഗ് ഹാർബറിന്റെ ഭാഗമായി അന്ധകാരനഴിയിൽ പുലിമുട്ട് നിർമ്മാണത്തിനുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(സി) അന്ധകാരനഴി ബീച്ച് വികസനം റ്റി. ആർ. പി. ടൂറിസം പദ്ധതിയിലുൾപ്പെടുത്തി ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രധാന ഇനങ്ങളായ ആക്ഷൻ ഏറിയ, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. 2010 ഒക്ടോബർ മാസത്തോടെ പ്രവൃത്തി പൂർത്തിയാകും. അതോടൊപ്പം തീരദേശ വികസന കോർപ്പറേഷൻ മുഖേന ചെറിയപുലി മുട്ടോടു കൂടിയ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

214 (4838) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടത്തിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ വർഷം അവസാനിക്കുമ്പോൾ ഇതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും ഏതൊക്കെ പദ്ധതികളുടെ പണിയാണ് പൂർത്തീകരിക്കാനുള്ളത് ;

(ഡി) ഈ പുനരധിവാസ പദ്ധതികൾക്കായി ഇതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly